# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.331 11.03.2015-ൽ മറുപടിയ്ക്ക്

## പൈങ്കുളം തടയണ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ: | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചേലക്കര മണ്ഡലത്തിൽ ഭാരതപ്പുഴക്ക് കുറുകെ പൈങ്കുളം തടയണ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതെന്നാണ്; വ്യക്തമാക്കുമോ: | (എ) | ചേലക്കര മണ്ഡലത്തിൽ ഭാരതപ്പുഴക്ക് കുറുകെ പൈങ്കുളം തടയണ നിർമ്മാണത്തിന് 26/02/2014-ലെ സ.ഉ.(സാധാ) 219/2014/ജവിവ പ്രകാരം 1600ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകി നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം; | (ബി) | നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. അതിനുള്ള കാരണം താഴെ ചേർക്കുന്നു.<br>പുതുക്കിയ ഭരണാനുമതി നൽകിയ സാഹചര്യത്തിൽ, പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. ചീഫ് എഞ്ചിനീയർ 22.11.2014-ൽ സമർപ്പിച്ച 1850 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 13.01.2015-ൽ സർക്കാർ തലത്തിൽ കൂടിയ സാങ്കേതികാനുമതി കമ്മിറ്റി പരിശോധി-ക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് പുതിയ രൂപരേഖ ആവശ്യമാണെന്നും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്ക-ണമെന്നും തീരുമാനിക്കുകയുമുണ്ടായി. ആയതു പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് വകുപ്പു തലത്തിൽ തയ്യാറാക്കി വരുന്നു. |

| | |
|---|---|
| (സി) സാങ്കേതികാനുമതി എപ്പോൾ നൽകുവാൻ കഴിയുമെന്നും സമയബന്ധിതമായി നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നും പറയാമോ;<br><br>(ഡി) ഇപ്പോൾ ഈ പദ്ധതിയുടെ നടപടികൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ? | (സി) & (ഡി)<br><br>വിശദമായ എസ്റ്റിമേറ്റ് ലഭിച്ചാലുടൻ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശങ്ങൾ അനുസരിച്ച് സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**